**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3144** **26-06-2024 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ ബൈപ്പാസിന് സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആദ്യം ദേശീയപാത നിർമ്മാണത്തിനായും തുടർന്ന് തൃപ്പൂണിത്തറ ബൈപ്പാസിനായും മറ്റകുഴി മുതൽ തിരുവാങ്കുളം വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | മധുര-കൊച്ചി ദേശീയപാത 85-ൽ തിരുവാങ്കുളം മറ്റക്കുഴിയിൽ നിന്നും ആരംഭിച്ച് തൃപ്പൂണിത്തുറ മിനി ബൈപ്പാസ് ജംഗ്ഷനിൽ അവസാനിക്കുന്ന തൃപ്പൂണിത്തുറ ബൈപ്പാസിന് രണ്ടു ഘട്ടമായി ആകെ 34.05 ഹെക്ടർ സ്ഥലം ആയിരുന്നു ഏറ്റെടുക്കേണ്ടിയിരുന്നത്. ആദ്യ ഘട്ടത്തിലെ മറ്റക്കുഴി മുതൽ തിരുവാങ്കുളം റെയിൽവേ ലൈൻ വരെ ഏറ്റെടുക്കേണ്ട 16.172 ഹെക്ടർ സ്ഥലത്തിൽ 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന് original sanctioned estimate 6.57 കോടി രൂപയും Revised Estimate 558.82 കോടി രൂപയും ആയിരുന്നു. തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണത്തിനായി Land Acquisition Cost അനുവദിക്കുന്നതിനുള്ള revised estimate കേന്ദ്ര ഉപരിതല ഗതാഗത മന്ത്രായത്തിൽ സമർപ്പിച്ചിരുന്നെങ്കിലും ഈ cost സംസ്ഥാന ഗവൺമെന്റ് വഹിച്ചാൽ മാത്രമേ തൃപ്പൂണിത്തുറ ബൈപ്പാസ് പ്രോജക്ടിനായുള്ള തുടർ നടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന മറുപടി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും ലഭിക്കുകയുണ്ടായി. Gazette Notification No 1506 (E), 1507 (E) Dated 12/05/2020 പ്രകാരം ദേശീയപാത 85 NHAI ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ ഗ്രീൻഫീൽഡ് പാതയിൽ തൃപ്പൂണിത്തുറ ബൈപാസ് ഉൾക്കൊള്ളിക്കുന്നത് സാങ്കേതികമായി പ്രായോഗികമല്ല എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | തൃപ്പൂണിത്തറ ബൈപ്പാസ് നിർമ്മാണത്തിനായി ദേശീയപാത അതോറിറ്റിയോട് ഭൂമി ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കേന്ദ്ര ഉപരിതല | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | ഗതാഗത വകുപ്പ് നൽകിയ മറുപടി എന്താണെന്ന് വിശദമാക്കാമോ; | | |
| (സി) | ഭൂമി ഏറ്റെടുക്കാത്തത് മൂലം പതിറ്റാണ്ടുകളായി ഭൂവുടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | തൃപ്പൂണിത്തുറ ബൈപ്പാസുമായി ബന്ധപ്പെട്ട് നാളിതുവരെ ഏറ്റെടുത്ത സ്ഥലത്തിന്റെ തുടർ വിനിയോഗം സംബന്ധിച്ചും തുടർന്ന് ഏറ്റെടുക്കുന്നതിനായി മാർക്ക് ചെയ്തിട്ടുള്ള സ്ഥലം സംബന്ധിച്ചുമുള്ള ഉടമകളുടെ ആശങ്കകൾ പരാതി രൂപത്തിൽ പലപ്രാവശ്യം ലഭിച്ചിട്ടുള്ളതിനാൽ പദ്ധതി സംബന്ധിച്ചുള്ള അനിശ്ചിതത്വം അവസാനിപ്പിക്കണമെന്നും പദ്ധതി മുന്നോട്ട് കൊണ്ട് പോകണോ എന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഉപരിതല ഗതാഗത വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | സ്ഥലമെടുപ്പിനു മതിയായ ഫണ്ട് കേന്ദ്ര സർക്കാരിൽനിന്നു ലഭ്യമാക്കി പദ്ധതിയുമായി മുന്നോട്ടു പോകുന്നതിനുള്ള തീരുമാനം കേന്ദ്രം അറിയിച്ചാൽ മാത്രമേ തുടർനടപടി സാധ്യമാകുകയുള്ളൂ. ഇതിനായി സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ